MWS.7

തിരുവനന്തപുരം വിദ്യാഭ്യാസജില്ല

ക്ലാസ്സ് 10 മലയാളം – *അടിസ്ഥാനപാഠാവലി*

*അമ്മത്തൊട്ടിൽ –റഫീക്ക്അഹമ്മദ്*

# ഉത്തരം

## സവിശേഷപ്രയോഗങ്ങൾ വിശകലനം ചെയ്യുക

### ❖ കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്

- അമ്മയുടെ പ്രായാധിക്യവും ദു:ഖങ്ങളും ശക്തമായി പ്രകടിപ്പിക്കുന്ന പ്രയോഗം.
- ഉപയോഗിച്ച് പഴകിയ പിഞ്ഞാണം പോലെ നിറം കെട്ട് തെളിച്ചം നഷ്ടപ്പെട്ട കണ്ണുകൾ.
- ആവർത്തിച്ചുപയോഗിച്ചതാണ് പിഞ്ഞാണം നിറം മങ്ങാൻ കാരണം.
- മകനു വേണ്ടി എന്നും എപ്പോഴും തുറന്നു പിടിച്ചിരുന്ന കണ്ണുകൾ.
- അമ്മയുടെ സ്നേഹവും കരുതലും എപ്പോഴുമുണ്ടായിരുന്നു.

### ❖ പെരുംമാൾ – പെരുമാൾ

- പെരുമാൾ – ഈശ്വരൻ
- പെരുംമാൾ –പെരുത്തമാൾ
- ആഗ്രഹങ്ങളും ആവശ്യങ്ങളും നേടാൻ പ്രാർത്ഥിക്കുന്നത് പെരുമാളി (ഈശ്വരൻ) നോടാണ്.
- പുതിയകാലത്തിന്റെ ഈശ്വരൻ പെരുംമാളാണ്.
- ‘മാൾ’ സമ്പത്തിന്റെയും കച്ചവടത്തിന്റെയും പ്രതീകമാണ്.
- എന്തുവേണമെങ്കിലും ലഭിക്കുന്ന ഇടമാണത്.

### ❖ സ്വയം ബുദ്ധികെട്ടു കരിന്തിരിയാളുംവരെ

- കരിന്തിരി അമ്മയുടെ മരണസമയമടുത്തു എന്ന സൂചനയാണ്.
- അവസാന നിമിഷം വരെ സ്വയംകത്തി മറ്റുള്ളവർക്ക് വെളിച്ചമായി ആ അമ്മ.
- ബുദ്ധി (ഓർമ്മ) വെളിച്ചമാണ്.വാർദ്ധക്യത്തിന്റെ അവശതയിൽ മറവി ബാധിക്കുന്നു.ബുദ്ധി കരിന്തിരി കത്തുന്നു.